പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1435

14-06-2013 – ൽ മറുപടിയ്ക്ക്

## സഹസ്രസരോവർ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ.എം.എ വാഹീദ്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സഹസ്ര സരോവർ പദ്ധതിയനുസരിച്ച് പഴക്കമുള്ള കുളങ്ങൾ നവീകരിച്ച് കൃഷി ആവശ്യത്തിനുള്ള ജലസ്രോതസ്സുകളാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. എല്ലാ പഞ്ചായത്തിലും കുറഞ്ഞത് 1 വീതം സംസ്ഥാനത്ത് ആയിരം ചിറകൾ സംരക്ഷിക്കുന്നതിനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | 1. ജലസ്രോതസ്സുകളുടെ ഉറവിടം സംരക്ഷിച്ച് ഭൂഗർഭ ജലനിരപ്പ് താഴാതെ സൂക്ഷിക്കുക.<br>2. അധിക ജലം കൃഷിക്കായി മാറ്റിവച്ച് കാർഷികോല്പാദനം പതിന്മടങ്ങ് വർദ്ധിപ്പിക്കുക. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | കെ.എൽ.ഡി.സി. വഴിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 2013 മേയ് മാസം 8-ാം തീയതി ബഹു.. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും പ്രോജക്ടുകളുടെ ഏകോപനത്തിനായി കൃഷി വകുപ്പ് ഡയറക്ടറെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ